"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ ആലപ്പുഴ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ) നം.**64/2024/LSGD** തീയതി,തിരുവനന്തപുരം, **12-06-2024**

പരാമർശം:-

1. **30.01.2023** ലെ സ.ഉ.(കൈ.)നം.**27/2023**/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
2. **14.07.2023** ലെ സ.ഉ.(കൈ.)നം.**143/2023**/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
3. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ **11.10.2023** ലെ **49**-ാം നമ്പർ കൗൺസിൽ തീരുമാനം
4. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ **29.02.2024** ലെ **3**-ാം നമ്പർ കൗൺസിൽ തീരുമാനം
5. **27.04.2024** ലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) -ന്റെ എൽ.എസ്.ജി.ഡി./പി.ഡി./**20961/2023**-ടിസിപിബി3 നമ്പർ കത്ത്.

ഉത്തരവ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ കീഴിൽ ആലപ്പുഴ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ, കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കരട് ആലപ്പുഴ മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി, പരാമർശം (2) ഉത്തരവ് പ്രകാരം **31/07/2023** വരെ ദീർഘിപ്പിച്ചു

നല്കിയിട്ടുള്ളതാണ്.

(2) കരട് മാസ്റ്റർപ്ലാനിൻമേൽ ലഭ്യമായ ആക്ഷേപങ്ങളും അഭിപ്രായങ്ങളും, പരാമർശം (3) പ്രകാരം രൂപീകരിച്ച മാസ്റ്റർപ്ലാൻ സ്പെഷ്യൽ കമ്മിറ്റി പരിശോധിക്കുകയും, ആക്ഷേപ അഭിപ്രായങ്ങളിന്മേലുള്ള മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ അഭിപ്രായം രേഖപ്പെടുത്തിയ ഫാറം-1 റിപ്പോർട്ടും, പുതുക്കിയ മാസ്റ്റർപ്ലാനും നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്കായി നൽകിയതിൽ, ആലപ്പുഴ നഗരസഭ കൗൺസിലിന്റെ പരാമർശം (4) കൗൺസിൽ തീരുമാനം പ്രകാരമുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച കരട് മാസ്റ്റർപ്ലാൻ അന്തിമ അനുമതിക്കായി പരാമർശം (5) പ്രകാരം നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്.

(3) കരട് ആലപ്പുഴ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരവും, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവുമുള്ള സർക്കാരിന്റെ അന്തിമ അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്. 2016 -ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(6) പ്രകാരം സ്പെഷ്യൽ കമ്മിറ്റി ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിച്ച്, ആയതിന്മേലുള്ള റിപ്പോർട്ട് കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ട സമയപരിധിയും ആക്ടിന്റെ 36(7) വകപ്പ് പ്രകാരം നഗരസഭ കരട് മാസ്റ്റർപ്ലാൻ സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധിയും (60 ദിവസം) കഴിഞ്ഞിട്ടുള്ളതിനാലും, മേൽ സമയപരിധി 6 മാസത്തിൽ കുറവായതിനാലും, പ്രസ്തുത നടപടിക്രമങ്ങൾക്ക് എടുത്ത സമയപരിധി സാധുകരിക്കുന്നതിനും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസിദ്ധീകൃത ആലപ്പുഴ മാസ്റ്റർപ്ലാനിന്മേൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(6), 36(7) എന്നിവ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ഇപ്രകാരം അധികരിച്ച സമയപരിധി, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചു

നൽകിക്കൊണ്ടും പ്രസിദ്ധീകൃത ആലപ്പുഴ മാസ്റ്റർപ്ലാനിന്, **2016**-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് **36(8)** പ്രകാരവും, **2021**-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം **22** പ്രകാരവുമുള്ള അന്തിമ അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, ആലപ്പുഴ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 15-06-2024 10:56:28